(ബി) ഇല്ലെങ്കിൽ ഇതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) ടെണ്ടർ അംഗീകാരത്തിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുവാൻ തയ്യാറാകുമോ ?

ഉത്തരം

(എ - സി) മൂവാറ്റുപുഴ കോടതി സമുച്ചയം നിർമ്മാണത്തിനുള്ള ടെൻഡർ പ്രൊപ്പോസലിൽ ലോക്കൽ മാർക്കറ്റ് റേറ്റ് ജസ്റ്റിഫിക്കേഷൻ ലഭിച്ചിട്ടില്ലാത്തതിനാൽ ടെൻഡർ കമ്മിറ്റിയുടെ പരിഗണനയ്ക്ക് വച്ചിട്ടില്ല. ഇത് ലഭിക്കുന്ന മുറയ്ക്ക് ടെൻഡർ അംഗീകാരം നൽകുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതാണ്.

കൊണ്ടോട്ടി മണ്ഡലത്തിലെ സർക്കാർ സ്ഥാപനങ്ങളുടെ കെട്ടിട നിർമ്മാണം

241 (4595) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ ഹയർ സെക്കണ്ടറി സ്കൂളുകളടക്കം സർക്കാർ സ്ഥാപനങ്ങളുടെ കെട്ടിട നിർമ്മാണത്തിന് പ്രൊപ്പോസൽ തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ അവയുടെ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) സബ് രജിസ്ട്രാർ ഓഫീസ് പി.ഡബ്ല്യു.ഡി റസ്റ്റ് ഹൗസ് എന്നിവയുടെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും എന്നത്തേക്ക് നിർമ്മാണം പൂർത്തിയാക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ ഹയർ സെക്കണ്ടറി സ്കൂളുകളുടെ നിർമ്മാണത്തിനായി റഫ്കോസ്റ്റ് എസ്റ്റിമേറ്റ് ലഭിച്ചിരുന്നു. എന്നാൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സഹിതം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് കെട്ടിട വിഭാഗം ചീഫ് എൻജിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം മേൽക്കൂര നിർമ്മാണം വരെ പൂർത്തിയായിട്ടുണ്ട്. പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസ് കെട്ടിടത്തിന്റെ നിർമ്മാണം പ്രാരംഭ ഘട്ടത്തിലാണ്. 2011 മാർച്ച് മാസത്തിനുള്ളിൽ പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുവാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അതിഥി മന്ദിരങ്ങൾ, വിശ്രമ സങ്കേതങ്ങൾ എന്നിവയുടെ വാർഷിക മെയിന്റനൻസ്

242 (4596) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള അതിഥി മന്ദിരങ്ങൾ, വിശ്രമ സങ്കേതങ്ങൾ എന്നിവയുടെ വാർഷിക മെയിന്റനൻസ് സാധാരണ ഗതിയിൽ എപ്പോഴാണ് നടത്തുകയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ജോലികൾ ഡിപ്പാർട്ടുമെന്റ് നേരിട്ട് നടത്തുകയാണോ ; അതോ കരാർ നൽകുകയാണോ എന്ന് അറിയിക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും പ്രസ്തുത ഇനത്തിൽ എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഡി) മലപ്പുറത്തെ പി.ഡബ്ല്യു.ഡി. അതിഥി മന്ദിരത്തിന്റെ അറ്റകുറ്റപ്പണികൾ എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിനു കീഴിൽ വിശ്രമ സങ്കേതങ്ങളാണുള്ളത്. അവയുടെ അറ്റകുറ്റപ്പണികൾ അതാതു സാമ്പത്തിക വർഷത്തിൽ തന്നെ ചെയ്തു തീർക്കാറുണ്ട്.

(ബി) പ്രസ്തുത ജോലികൾ കരാറുകൾ മുഖേനയാണ് നടത്തുന്നത്.

(സി)

2006-2007	2,15,50,100 രൂപ
2007-2008	3,56,39,190 രൂപ
2008-2009	4,08,09,178 രൂപ
2009-2010	6,39,93,373 രൂ

(ഡി) മലപ്പുറത്തെ സർക്കാർ അതിഥി മന്ദിരം വിനോദസഞ്ചാര വകുപ്പിനു കീഴിലുള്ളതായതിനാലും ഇതിന്റെ അറ്റകുറ്റപ്പണികൾ പ്രസ്തുത വകുപ്പ് നേരിട്ട് നടത്തുന്നതിനാലും ഇതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

സർക്കാർ കെട്ടിടങ്ങളിലെ അറ്റകുറ്റപ്പണികൾക്ക് കരാറുകാർ തയ്യാറാകാത്ത സാഹചര്യം

243 (4597) ശ്രീ. എം. കെ. പ്രംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ കെട്ടിടങ്ങളിലെ അറ്റകുറ്റപ്പണികൾക്ക് ടെണ്ടർ ചെയ്തിട്ടും ടെണ്ടർ വിളിച്ചെടുക്കാൻ കരാറുകാർ തയ്യാറാകാത്ത സാഹചര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;